## ശ്രദ്ധ ക്ഷണിക്കൽ

### (1) പാചകവാതകരംഗത്ത് അനുഭവപ്പെടുന്ന പ്രതിസന്ധി

ശ്രീ. കെ. ശിവദാസൻ നായർ: സർ, ഇവിടെ പാചകവാതക സബ്സിഡിയും വിതരണവുമായി ബന്ധപ്പെട്ട് കൺസ്യൂമേഴ്സ് അനുഭവിക്കുന്ന ചില ബുദ്ധിമുട്ടുകളും പ്രയാസങ്ങളും സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനാണ് ഈ പ്രമേയം കൊണ്ടുവന്നത്. ഇന്ന് അടിയന്തര പ്രമേയം അവതരിപ്പിച്ച ഡോ. ടി. എം. തോമസ് ഐസക്, കൺസ്യൂമേഴ്സ് അനുഭവിക്കുന്ന ബുദ്ധിമുട്ടുകളെയും പ്രയാസങ്ങളെയും കുറിച്ച് അദ്ദേഹത്തിന്റെ പ്രസംഗത്തിൽ പറയുമെന്നാണ് കരുതിയത്. പക്ഷേ ദൗർഭാഗ്യവശാൽ അത്തരം കാര്യങ്ങളൊന്നും അദ്ദേഹം പറഞ്ഞില്ല. സബ്സിഡി സിലിണ്ടറിന് അർഹതയുള്ള ആളുകൾ 440 രൂപയാണ് കൊടുക്കേണ്ടത്. സബ്സിഡിയില്ലാത്ത സിലിണ്ടറുകൾക്ക് 1293 രൂപയാണ് നൽകേണ്ടത്. നമ്മുടെ സംസ്ഥാനത്ത് വയനാടിലും പത്തനംതിട്ടയിലും സെപ്റ്റംബർ മാസംമുതൽ ആധാർ ലിങ്ക്ഡ് സബ്സിഡി ഏർപ്പെടുത്തുകയുണ്ടായി. രാജ്യത്താകമാനം 269 ജില്ലകളിലാണ് ഇത് ഏർപ്പെടുത്തിയിട്ടുള്ളത്. സംസ്ഥാനത്ത് മുഴുവനായും ഇത് നടപ്പിലാക്കി. എന്നാൽ മറ്റൊരു സംസ്ഥാനത്തും ഇത് പൂർണ്ണമായും നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുമില്ല. സെപ്റ്റംബറിൽ ഈ പദ്ധതി നടപ്പിലാക്കിയ പത്തനംതിട്ട, വയനാട് ജില്ലകളിൽ ലഭിക്കുന്ന സബ്സിഡിയിൽ 40 രൂപയുടെ കുറവുണ്ട്. 820 രൂപ മാത്രമേ അക്കൗണ്ടിലേക്ക് വരുന്നുള്ളൂ. അതിന്റെ കാരണം ഈ സബ്സിഡി പോർഷനുകൂടി വാറ്റ് ഈടാക്കുന്നുണ്ട് എന്നതാണ്. അതുകൊണ്ട് ആധാർ ലിങ്ക് ചെയ്യാത്ത മറ്റു ജില്ലകളിലെ ആളുകൾക്ക്

440 രൂപ നിരക്കിൽ സബ്സിഡി ഗ്യാസ് സിലിണ്ടർ കിട്ടുമ്പോൾ ആധാർ ലിങ്ക് ചെയ്ത ആളുകൾക്ക് 40 രൂപ അധികമായി ഇപ്പോൾ കൊടുക്കേണ്ടി വരുന്നു. കാരണം സബ്സിഡി പോർഷനുകൂടി വാറ്റ് ഈടാക്കുന്നുവെന്നതാണ്. അത് തീർച്ചയായും മാറ്റണമെന്ന് ഞാൻ ആദ്യമേ തന്നെ ആവശ്യപ്പെടുകയാണ്.

സെപ്റ്റംബർ മുതലാണ് ആധാർ ലിങ്ക് ചെയ്തത്. ഇങ്ങനെ ലിങ്ക് ചെയ്തപ്പോൾ അംഗനവാടി, വികലാംഗരെ അധിവസിപ്പിക്കുന്ന സ്ഥലങ്ങൾ, വയോജനങ്ങളെ താമസിപ്പിക്കുന്ന സ്ഥലങ്ങൾ ഇവിടെയൊക്കെ സബ്സിഡി യോടുകൂടി സിലിണ്ടറുകൾ നൽകുന്നതിന് ഇപ്പോൾ നിയമമില്ല, അതിന് അനു വദിച്ചിട്ടില്ല. അതുകൊണ്ട് ആ കാര്യത്തിൽ അടിയന്തിരമായി ഇടപെടേണ്ടത് അത്യാവശ്യമാണ്. ഇപ്പോൾ അവർ വാണിജ്യ ആവശ്യങ്ങൾക്ക് എന്നുള്ള നിലയിലാണ് സിലിണ്ടർ വാങ്ങിക്കേണ്ടതും പണം നൽകേണ്ടതും എന്ന ഗൗര വമായ ഒരു സ്ഥിതി നിലനിൽക്കുന്നുണ്ട്. ആധാർ ലിങ്ക്ഡായിട്ടുള്ള പത്തനം തിട്ട, വയനാട് ജില്ലകളിൽ ഇതിനകംതന്നെ പൂർണ്ണമായും നടപ്പിലാക്കിയെ ങ്കിലും 10% ആളുകൾക്ക് ഇനിയും ആധാർ കിട്ടിയിട്ടില്ല. അവർക്ക് സബ്സിഡി ലഭിക്കുന്നില്ല. ആധാർ കിട്ടാത്തത് എന്തുകൊണ്ട് എന്നുള്ളതിനെ സംബന്ധിച്ച് വ്യക്തമായ മറുപടി നൽകാൻ സാധിക്കുന്നില്ല. ആധാർ കാർഡ് എന്ന് കിട്ടുമെന്ന് പറയാൻ നിവൃത്തിയില്ല. ആധാർ കാർഡിന് അപേക്ഷിച്ച് ഒന്നും രണ്ടും മാസം കഴിഞ്ഞിട്ടും കിട്ടാത്ത ആളുകൾ രണ്ടാമത് വീണ്ടും പോയി എൻറോൾ ചെയ്യുകയാണ്. അങ്ങനെയുള്ള ആളുകൾക്ക് ഇപ്പോൾ ആധാർ കിട്ടുന്നില്ല, അവർക്ക് സബ്സിഡി ലഭിക്കുന്നില്ല, ആധാർ എന്ന് കിട്ടും എന്ന് പറയുന്നില്ല, ആധാർ കിട്ടുമോ ഇല്ലയോ എന്നുള്ളതിന് മറുപടി

നൽകാനും ആരും തയ്യാറല്ല. ചോദിച്ചുകഴിഞ്ഞാൽ പറയുന്നത് അണ്ടർ ജന റേഷനാണെന്നാണ്. ഇങ്ങനെ അണ്ടർ ജനറേഷനിൽ കിടക്കുന്ന പതിനായിര ക്കണക്കിനാളുകൾ വയനാട്, പത്തനംതിട്ട ജില്ലകളിലുണ്ട്. ഈ ആളുകൾക്ക് സബ്സിഡി ലഭിക്കാൻ എന്താണ് മാർഗ്ഗം? രണ്ടുമാസത്തെ കാലാവധി മറ്റു ജില്ലകളിൽ കൊടുക്കുമ്പോൾ ആധാർ ലിങ്ക്ഡല്ലാത്ത ആളുകൾക്കും സബ്സിഡി ലഭിക്കുന്നുണ്ട്. ആ രണ്ടുമാസത്തെ ഇളവ് പത്തനംതിട്ട, വയനാട് ജില്ലകൾക്കുകൂടി കൊടുത്തുകഴിഞ്ഞാൽ ഈ പ്രശ്നം പരിഹരി ക്കാൻ സാധിക്കും. വയനാട്, പത്തനംതിട്ട ജില്ലകളിൽ ആധാറുമായി ലിങ്ക് ചെയ്യാത്ത ആളുകൾക്ക് ഇപ്പോൾ സബ്സിഡി കിട്ടാത്ത ഒരു വലിയ ദുര വസ്ഥ, അതായത് 1293 രൂപ കൊടുക്കേണ്ട ഗതികേടുണ്ട് എന്നുള്ള കാര്യം നമ്മളോർക്കണം. യു.ഐ.ഡി., ബാംഗ്ലൂരാണ് ഈ ആധാർ കാർഡ് കൊടു ക്കേണ്ട ഹെഡ് ഓഫീസ്. അവിടെ വിളിച്ചുചോദിച്ചു കഴിഞ്ഞാൽ ഒരു മറുപ ടിയും ലഭിക്കില്ല. ഇതിന് ആരും മറുപടി നൽകാനായിട്ടില്ലാത്ത വളരെ ഗുരു തരമായ സ്ഥിതിവിശേഷമുണ്ട്. അതുപോലെതന്നെ ഇന്ത്യൻ ഓയിൽ കോർപ്പറേഷന്റെ ട്രാൻസ്പാരൻസി പോർട്ടൽ, അവരുടെ സിസ്റ്റം എപ്പോഴും തകരാറിലാണ്. എല്ലാ എണ്ണക്കമ്പനികളിലും പ്രശ്നമുണ്ടെങ്കിലും ഐ.ഒ.സി. യുടെ ഈ സിസ്റ്റത്തിനകത്ത് ഗുരുതരമായ പ്രശ്നങ്ങളുണ്ട്. അവരുടെ ട്രാൻസ്പാരൻസി പോർട്ടൽ മുംബൈയിലാണ്, അത് വർക്ക് ചെയ്യുന്നില്ല. അത് വർക്ക് ചെയ്യാത്തപ്പോൾ ആരെങ്കിലും വിളിച്ചുചോദിച്ചുകഴിഞ്ഞാൽ ഒരു മറുപടിയും ലഭിക്കുന്നില്ല. ഇവിടെ ഗ്യാസ് ഏജൻസികൾ കൃത്രിമം കാണി ക്കുന്നു എന്നൊക്കെ സൂചിപ്പിച്ചു. അങ്ങനെയല്ല, കാരണം ഗ്യാസ് ഏജൻസി

കൾക്ക് ബിൽ കൊടുക്കണമെന്നുണ്ടെങ്കിൽ അവരുടെ സിസ്റ്റത്തിൽ ഇത് വന്നാൽ മാത്രമേ സാധിക്കൂ. ഗ്യാസ് ഏജൻസികൾക്ക് ഇപ്പോൾ ബുക്ക് ചെയ്യാതെ ഒരു സിലിണ്ടർ കൊടുക്കാൻ നിവൃത്തിയില്ല. ബുക്ക് ചെയ്താൽ മാത്രമേ സിലിണ്ടർ കൊടുക്കാൻ നിവൃത്തിയുള്ളൂ. നമ്മൾ അവിടെ ചെന്ന് കഴിഞ്ഞാൽ ഗ്യാസ് സിലിണ്ടറുകളുണ്ട്, നമുക്ക് തരണമെന്ന് വിചാരിച്ചു കഴി ഞ്ഞാൽപ്പോലും ഗ്യാസ് ഏജൻസികൾക്ക് ബില്ലടിച്ച് നമുക്ക് തരാൻ നിവൃത്തി യില്ലാത്ത ഒരു സാഹചര്യമുണ്ട്. ഇതെങ്ങനെ പരിഹരിക്കാൻ കഴിയും? ബുക്ക് ചെയ്യണം. ബുക്ക് ചെയ്ത് കഴിഞ്ഞാൽ അതിന്റെ പ്രയോറിറ്റിവച്ച് മാത്രമേ ലഭിക്കുകയുള്ളൂ. പത്തനംതിട്ട, വയനാട് ജില്ലകളിൽ പരിഹരിക്കപ്പെ ടാത്ത നിരവധി പ്രശ്നങ്ങൾ ഇപ്പോഴുമുണ്ട്. ആ പ്രശ്നങ്ങൾ പരിഹരിക്കുന്ന തിൽ ഐ.ഒ.സി.-യുടെ കൃത്യവിലോപമാണ് നമ്മുടെ സംസ്ഥാനത്ത് നടന്നു കൊണ്ടിരിക്കുന്നത്. ഐ.ഒ.സി.-യാണ് ഇതിനകത്ത് ഗുരുതരമായ വീഴ്ച വരുത്തുന്നത്. ആരുപറഞ്ഞാലും കേൾക്കാനില്ലാത്ത ഒരു അവസ്ഥയാണ്. ഈ പ്രശ്നങ്ങൾക്ക് എങ്ങനെ പരിഹാരം കാണാൻ കഴിയുമെന്നുള്ളതിനെക്കു റിച്ച് നമ്മൾ ആലോചിക്കണം. ഗ്യാസ് ഏജൻസിയിൽ എൻറോൾ ചെയ്തി ട്ടുള്ള പേരുകാരൻ ഗൾഫിലായിരിക്കാം, ആ പേരുകാരി ചിലപ്പോൾ വീട്ടമ്മയാ യിരിക്കും അവർ വേറെ സ്ഥലത്തായിരിക്കും, ചിലപ്പോൾ പെൺകുട്ടിയായി രിക്കും അവരെ കല്യാണം കഴിച്ചയച്ചിരിക്കാം. ഇവരുടെയൊക്കെ പേര് മാറ്റു ന്നതിന് ഇപ്പോൾ നിർവ്വാഹമില്ലാത്ത അവസ്ഥയുണ്ട്. ഇങ്ങനെ നിരവധി ആളുകൾക്ക് സബ്സിഡി കിട്ടാത്ത അവസ്ഥ പരിഹരിക്കുന്നതിന്, പ്രത്യേ കിച്ചും പത്തനംതിട്ട, വയനാട് ജില്ലകളിൽ കളക്ടർ അദ്ധ്യക്ഷനായി ഒരു സമി

തിയുണ്ടാക്കണം. ഇപ്പോൾ സമിതിയുണ്ട്, പക്ഷേ ആ സമിതി ശരിയായ രീതിയിൽ പ്രവർത്തിക്കുന്നില്ല. ഇതിന് ഒരു പരിഹാരമുണ്ടാക്കണം. ആധാറുമായി ലിങ്ക് ചെയ്യാൻ പ്രായോഗികമായി ബുദ്ധിമുട്ടുള്ള ആളുകൾക്കുപോലും ലഭ്യമാക്കുന്നതിനുള്ള ഒരു സംവിധാനമുണ്ടാക്കണമെന്ന വിഷയമാണ് എനിക്ക് ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരാനുള്ളത്.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): സർ, ഈ വിഷയങ്ങൾ കഴിഞ്ഞ അടിയന്തര പ്രമേയത്തിൽ ചർച്ച ചെയ്തിരുന്നു. അതിനേക്കാളേറെ വളരെ പ്രസക്തമായ ഇഷ്യൂസ് ബഹുമാനപ്പെട്ട അംഗം ഇവിടെ ചൂണ്ടിക്കാട്ടി. വെൽഫെയർ ഇൻസ്റ്റിറ്റ്യൂഷനെ സംബന്ധിച്ചും അതോടൊപ്പംതന്നെ അധിക നികുതി ഒഴിവാക്കണമെന്ന കാര്യത്തെ സംബന്ധിച്ചും അദ്ദേഹം ആവശ്യപ്പെടുകയും ചെയ്തിരുന്നു. ഈ രണ്ട് കാര്യങ്ങളും ഗവൺമെന്റിന്റെ ശ്രദ്ധയിൽ വന്നതാണ്. യഥാർത്ഥത്തിൽ പലപ്പോഴും ധർമ്മസ്ഥാപനങ്ങളുടെ കാര്യം പല ചർച്ചകളിലും വരാറില്ലായെന്നുള്ളതാണ് വസ്തുത. വെൽഫയർ ഇൻസ്റ്റിറ്റ്യൂഷനുകളുടെ കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽ വരുകയും അവർക്ക് സബ്സിഡി സിലണ്ടറുകൾ ലഭ്യമാക്കണമെന്ന് 13–12–2012–ൽ ബഹുമാനപ്പെട്ട പെട്രോളിയം മന്ത്രിക്ക് നേരിട്ടുകൊടുത്ത നിവേദനത്തിൽ ഗവൺമെന്റ് ആവശ്യപ്പെട്ടിട്ടുള്ളതാണ്. ആയിരത്തോളം ഓൾഡേജ് ഹോംസും ഓർഫനേജുകളടക്കമുള്ള വെൽഫെയർ സ്ഥാപനങ്ങൾ നമ്മുടെ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. ഇവർക്കെല്ലാം നിർബന്ധമായും സബ്സിഡി സിലണ്ടറുകൾ ലഭ്യമാകുന്ന സാഹചര്യം ഉണ്ടാകണമെന്നും അവരെ ആധാറിന്റെ പെർവ്യൂവിൽ

നിന്ന് ഒഴിവാക്കണമെന്നുള്ള ആവശ്യമാണ് വെൽഫെയർ ഇൻസ്റ്റിറ്റ്യൂഷന്റെ കാര്യത്തിൽ കേന്ദ്ര ഗവൺമെന്റിനോട് അഭ്യർത്ഥിച്ചിട്ടുള്ളത്. പ്രധാനമന്ത്രിയെ കണ്ടുകൊടുത്ത നിവേദനത്തിലെ ഏറ്റവും പ്രധാനപ്പെട്ട അജണ്ടയും ഇതുസം ബന്ധിച്ചായിരുന്നു. ഇതുസംബന്ധിച്ച് അനുകൂലമായ തീരുമാനം കേന്ദ്രത്തിൽ നിന്നും ഉണ്ടാകുമെന്ന് ഞങ്ങൾ കരുതുകയാണ്. അതോടൊപ്പംതന്നെ അധിക നികുതി വേണ്ടെന്ന് സംസ്ഥാന ഗവൺമെന്റ് 1-ാം തീയതി കൂടിയ മന്ത്രിസഭാ യോഗത്തിൽ തീരുമാനിച്ചിട്ടുണ്ടെന്ന വസ്തുത ഈ സഭയെ അറിയിക്കുകയാ ണ്. ആധാർ എന്ന് കിട്ടുമെന്ന് തുടങ്ങിയ വിഷയങ്ങൾ... ബഹുമാനപ്പെട്ട അംഗം പറഞ്ഞ വലിയ പ്രശ്നമുണ്ട്. അത് ഇവിടെ ഒന്നുരണ്ട് പേർ ചൂണ്ടിക്കാ ണിക്കുകയും ചെയ്തിരുന്നു. അതുസംബന്ധിച്ച് എനിക്ക് മറുപടി പറയാൻ കഴിയില്ല. ബന്ധപ്പെട്ട വകുപ്പുതന്നെയാണ് അതുസംബന്ധിച്ച് മറുപടി പറയേ ണ്ടത്. ഗ്യാസ് ഏജൻസികളെ സംബന്ധിച്ച്, ഗ്യാസ് ഏജൻസികൾ കൃത്രിമം കാണിച്ച് മുന്നോട്ടുപോകുന്നു എന്ന നിലയിൽ അടച്ചാക്ഷേപിച്ച് പറയുകയ ല്ല. ഗ്യാസ് ഏജൻസികളെക്കുറിച്ച് ഒരുപാട് പരാതികൾ ഗവൺമെന്റിന്റെ ശ്രദ്ധ യിൽ വന്നിട്ടുണ്ട്. റേഷൻ കടകളേക്കാൾ കൂടുതൽ പരാതികൾ എനിക്ക് വന്നുകൊണ്ടിരിക്കുന്നത് ഗ്യാസ് ഏജൻസികളെക്കുറിച്ചാണ്. സമയത്ത് സില ണ്ടറുകൾ ലഭ്യമാകുന്നില്ല, പലപ്പോഴും അധികചാർജ് ഈടാക്കുന്നു, റെസ്പോൺസില്ല അത്തരത്തിലുള്ള നിരന്തരമായി വരുന്ന പരാതികൾ വള രെയേറെയാണ്. ഞാൻ ഗ്യാസ് ഏജൻസികളുടെ പ്രതിനിധികളെയും ഓയിൽ കമ്പനികളുടെ പ്രതിനിധികളെയും വിളിച്ച് ചർച്ച നടത്തിയിരുന്നു. ഈ വിഷയത്തിൽ ഗവൺമെന്റിനുള്ള concern ഞാൻ അവരെ അറിയിച്ചു. കൃത്യ

മായ നിലയിൽ സേവനം ഉപഭോക്താവിന് ലഭ്യമാകണമെന്ന് ഞങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ട്. അതോടൊപ്പംതന്നെ പലപ്പോഴും വളരെയേറെ ഗുരുതരമായ ക്രമക്കേടുകൾ കാണിക്കുന്ന ഗ്യാസ് ഏജൻസികൾക്കെതിരെ നടപടികൾ എടുക്കണമെന്ന് സംസ്ഥാന ഗവൺമെന്റ് ഓയിൽ കമ്പനികളോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഗ്യാസ് ഏജൻസികളെല്ലാം അങ്ങനെയാണെന്ന് പറയുന്നില്ല. പക്ഷേ, ഇത്തരത്തിൽ പ്രവർത്തിക്കുന്ന, പരാതികൾ തുടരെത്തുടരെ വരുന്ന ഗ്യാസ് ഏജൻസികളും ഇന്ന് കേരളത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഐ.ഒ.സി.യെ സംബന്ധിച്ചുള്ള പ്രശ്നങ്ങൾ പരിഹരിക്കപ്പെട്ടുവെന്നാണ് അറിയിച്ചിട്ടുള്ളത്. തീർച്ചയായും ബഹുമാനപ്പെട്ട അംഗം പറഞ്ഞ വിഷയത്തിൽ കൂടുതൽ പരിശോധിക്കാം. അവരുടെ സാങ്കേതികപരമായ വിഷയം ഉണ്ടെന്നുള്ളത് മാധ്യമങ്ങളിലൂടെയും അല്ലാതെയും ഗവൺമെന്റിന്റെ അറിവിലേക്ക് വന്നിട്ടുണ്ട്. എന്തായാലും ഐ.ഒ.സി. ടെക്നിക്കൽ പ്രശ്നം ഒഴിവാക്കി അവർ പരിഹരിച്ചുവെന്നാണ് അറിയിച്ചിട്ടുള്ളത്. തീർച്ചയായും ആ വിഷയം ഗവൺമെന്റ് പരിശോധിക്കുന്നുണ്ടാകും. സബ്സിഡി കിട്ടുവാനുള്ള സമയ പരിധിയാണ് ഇപ്പോൾ നീട്ടി ലഭിച്ചിട്ടുള്ളത്. യഥാർത്ഥത്തിൽ സെപ്റ്റംബർ 30-ാം തീയതിക്ക് ശേഷം ആധാർ നമ്പരും ബാങ്ക് അക്കൗണ്ട് നമ്പരും ഇല്ലാത്തവർ പൂർണ്ണമായും സബ്സിഡി ഇല്ലാതെ എൽ.പി.ജി. കണക്ഷൻ എടുക്കേണ്ട സാഹചര്യമാണ് ഉണ്ടായിരുന്നത്. പക്ഷേ, ഇവിടെ അതിന്റെ ബാങ്ക് സീഡിംഗ് പൂർണ്ണമല്ലാത്ത സാഹചര്യം, നാൽപ്പത് ശതമാനത്തോളം ഉപഭോക്താക്കൾ ഇതുവരെ ബാങ്ക് സീഡിംഗ് നടത്താത്ത ഒരു സാഹചര്യം, അതുകൊണ്ടാണ് ഗവൺമെന്റ് സമയം നീട്ടി ആവശ്യപ്പെട്ടത്. തുടരെയുള്ള ഗവൺമെന്റിന്റെ

ശക്തമായ സമ്മർദ്ധമാണ് ഡിസംബർ 31–വരെ, അതായത് മൂന്ന് മാസം എക്സ്റ്റെന്റ് ചെയ്ത് ലഭിച്ചത്. അതിനുശേഷം സബ്സിഡി കിട്ടാനുള്ള സമയപരിധി ആറ് മാസം കൂടി ആവശ്യപ്പെട്ടു. അത് ഫെബ്രുവരി 28 വരെയാണ്. കഴിഞ്ഞ ദിവസം പെട്രോളിയം മന്ത്രി ഒരുകാര്യം വ്യക്തമാക്കിയിരുന്നു. ഇതിന്റെയകത്ത് ആശങ്ക വേണ്ടായെന്നും കേരളം ആവശ്യപ്പെടുന്ന സമയം തരുവാൻ തയ്യാറാണെന്ന് കേന്ദ്രമന്ത്രി പറയുകയും ചെയ്തു. സംസ്ഥാന ഗവൺമെന്റ് ആവശ്യപ്പെട്ടിരിക്കുന്ന ആറ് മാസത്തെ സമയ പരിധിയാണ്. ആറുമാസത്തിനുള്ളിൽ ബാക്കിയുള്ള വ്യക്തികളെയും ഇതിന്റെയകത്ത് സീഡ് ചെയ്യുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. അതോടൊപ്പംതന്നെ ഇവിടെ ലഭ്യമായിരിക്കുന്ന വിവരം അനുസരിച്ച് കഴിഞ്ഞ മൂന്നുമാസത്തിനിടയിൽ 35 ലക്ഷം പേർക്ക് 350 കോടി രൂപ സബ്സിഡിയായി അവരുടെ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് ലഭ്യമായിട്ടുണ്ടെന്നാണ് ഓയിൽ കമ്പനികളിൽനിന്ന് ലഭിച്ചിട്ടുള്ള അറിവ്. 350 കോടി രൂപ സബ്സിഡിയായി വിതരണം ചെയ്തിട്ടുണ്ട്. ഈ പദ്ധതിയുടെ ചെറിയ ന്യൂനതകൾ, അതായത് സീഡ് ചെയ്യാൻ കഴിയാത്ത വിഷയങ്ങൾ ഒഴിവാക്കി നടപ്പിലാക്കി കഴിഞ്ഞാൽ നല്ല ഒരു സിസ്റ്റം തന്നെയായിരിക്കുമെന്നാണ് ഗവൺമെന്റ് കരുതുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി സൂചിപ്പിച്ചതുപോലെ ലീക്കേജും ഡൈവേർഷനും ഒഴിവാക്കുവാനും യഥാർത്ഥ ഗുണഭോക്താവിന് അർഹമായ സിലിണ്ടർ കിട്ടുവാനുള്ള സാഹചര്യം ഉണ്ടാകുന്ന സന്ദർഭം കേരളത്തിൽ വരുമെന്നുതന്നെ ഞങ്ങൾ കരുതുകയാണ്. ഈ വിഷയങ്ങൾ ഗവൺമെന്റ് വളരെ ഗൗരവത്തോടുകൂടിയെടുത്ത്

അഡ്രസ് ചെയ്യുന്നുണ്ടെന്നുകൂടി പറയാൻ ഈ അവസരം ഞാൻ വിനിയോഗിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ഇവിടെ മന്ത്രി മറുപടി പറഞ്ഞു. ശ്രീ. കെ. ശിവദാസൻ നായർ പറഞ്ഞ മൂന്ന് പ്രശ്നങ്ങളാണ് യഥാർത്ഥത്തിൽ ഇന്ന് കേരളത്തിൽ ഗ്യാസ് ഉപയോഗിക്കുന്നവർക്ക് വന്നിട്ടുള്ള ബുദ്ധിമുട്ടുകൾ. അതിന് പരിഹാരം ഉണ്ടാകണം. ഒന്ന്, സബ്സിഡിയിലൂടെ ടാക്സ് ഈടാക്കുന്നുവെന്നുള്ളതാണ്. മന്ത്രി ഇവിടെ പറഞ്ഞു. 1–ാം തീയതി കൂടിയ ക്യാബിനറ്റിൽ തീരുമാനിച്ചതാണ് സബ്സിഡിക്ക് വാറ്റ് ഈടാക്കണ്ടെന്നാണ്. യഥാർത്ഥത്തിൽ ഉപഭോക്താവ് കൊടുക്കുന്ന വിലയ്ക്ക്, സബ്സിഡി ബാങ്കിൽ അടയ്ക്കുന്നതുകൊണ്ട് കൊടുക്കുന്ന ബില്ലിൽ സബ്സിഡികൂടി കൂട്ടിവരുകയാണ്. അത് ഒഴിവാക്കാൻ ഗവൺമെന്റ് തീരുമാനിച്ചു. ഒരുകാരണവശാലും അത് ചെയ്യില്ലായെന്ന് ഇവിടെ വ്യക്തമാക്കുന്നു. അതും മന്ത്രി ഇവിടെ പറഞ്ഞ കാര്യം തന്നെയാണ്. രണ്ടാമത്തേത്, യഥാർത്ഥത്തിൽ ഈ വർദ്ധനവ് നമ്മുടെ ഗാർഹിക ഉപഭോക്താക്കളെ ബാധിക്കുന്നില്ല. കാരണം ഞാൻ നേരത്തേ പറഞ്ഞതുപോലെ 94.7 ശതമാനം ആളുകളും അതിനകത്ത് കവർ ചെയ്യുകയാണ്. പക്ഷേ, ഒരു വിഭാഗത്തെ ബാധിക്കുന്നുണ്ട്. അത് അനാഥാലയങ്ങൾ, പുവർ ഹോംസ്, ബോയ്സ് ഹോംസ് അങ്ങനെയുള്ള ചാരിറ്റബിൾ ഓർഗനൈസേഷനുകളെ ബാധിക്കുന്നുണ്ട്. അവർ വലിയ ഒരു സേവനമാണ് ചെയ്യുന്നത്. അത് ഗവൺമെന്റിന്റെയുമുണ്ട് എൻ.ജി.ഒ.കൾ നടത്തുന്നതുമുണ്ട്. അംഗനവാടികൾ ഉൾപ്പെടെയുണ്ട്. അതൊരു വലിയ ബുദ്ധിമുട്ടാണ്. അതൊഴിവാക്കാൻ സംസ്ഥാന ഗവൺമെന്റ് എല്ലാ ശ്രമങ്ങളും നടത്തിക്കൊ

ണ്ടിരിക്കുകയാണ്. മൂന്നാമത് ഒരു കാര്യം പറഞ്ഞത്, പത്തനംതിട്ടയിലും വയനാട്ടിലും ഇത് മൊത്തം ലിങ്കേജായിട്ടില്ലായെന്നാണ്. അവർക്ക് സബ്സിഡി കിട്ടുന്നില്ലായെന്ന കാര്യം ഇവിടെ മെമ്പർ പറഞ്ഞു. അവർക്കും സബ്സിഡി കിട്ടാൻ അർഹതയുണ്ട്. അവർക്ക് എങ്ങനെ സബ്സിഡി ലഭ്യമാക്കാമെന്ന കാര്യം ഗവണമെന്റ് പരിശോധിക്കുന്നതാണ്.

ശ്രീ. കെ. ശിവദാസൻ നായർ: സർ, ഇവിടെ ആദ്യം നടപ്പിലാക്കിയ രണ്ട് ജില്ലകളിൽ പ്രധാനമായും സബ്സിഡി കിട്ടാൻ അർഹതയുള്ള നിരവധി ആളുകൾക്ക് സബ്സിഡി ഇപ്പോൾ ലഭ്യമാകുന്നില്ലായെന്ന ഗുരുതരമായ സ്ഥിതി വിശേഷമുണ്ട്. അവിടെ വിതരണത്തിൽ ചില പ്രായോഗികമായ പ്രശ്നങ്ങളുമുണ്ട്. അവിടത്തെ ഉദ്യോഗസ്ഥന്മാരുമായും ഐ.ഒ.സി.യിലെ ഉദ്യോഗസ്ഥന്മാരുമായും ബന്ധപ്പെട്ടിട്ടും വ്യക്തമായ ഒരു മറുപടിയും ലഭിക്കുന്നില്ല. അതുകൊണ്ട് ഈ രണ്ട് ജില്ലകളിലും സിവിൽ സ്പ്ലൈസിലെ ഉന്നത ഉദ്യോഗസ്ഥന്മാരും ഐ.ഒ.സി.യിലെ ഉദ്യോഗസ്ഥരും ജില്ലാ കളക്ടറും ജനപ്രതിനിധികളും ഉൾപ്പെടെ മീറ്റിംഗുകൾ രണ്ട് ജില്ലകളിലെങ്കിലും വിളിച്ച് എന്തൊക്കെയാണ് പ്രശ്നങ്ങളെന്നും അത് എങ്ങനെ പരിഹരിക്കാൻ കഴിയും എന്നതിനെ സംബന്ധിച്ച് ആലോചിക്കാൻ നടപടിയെടുക്കുമോ?

ശ്രീ. അനൂപ് ജേക്കബ്: സർ, ഈ വിഷയത്തിൽ അടിയന്തരമായി തന്നെ ഒരു മീറ്റിംഗ് വിളിച്ചുചേർക്കാം. രണ്ട് ജില്ലകളിലും സബ്സിഡി കിട്ടാത്ത സാഹചര്യം ഉണ്ടെങ്കിൽ ഗവൺമെന്റ് പരിശോധിക്കും. അതിനുള്ള പരിഹാരമാർഗ്ഗം ഉടനെത്തന്നെ ചർച്ചയിലൂടെ തീരുമാനമാക്കുകയും ചെയ്യാം.

## 2. സംസ്ഥാന സഹകരണമേഖല നേരിടുന്ന പ്രതിസന്ധി

ശ്രീ. എം. ചന്ദ്രൻ: സർ, നമ്മുടെ സംസ്ഥാനത്തെ ജനങ്ങളുടെ ജീവിതവുമായി ഏറ്റവും ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സഹകരണ മേഖലയിലെ അത്യന്തം ഗൗരവമേറിയ ചില പ്രതിസന്ധികളെ സംബന്ധിച്ച് ഈ സഭയുടെ ശ്രദ്ധ ക്ഷണിക്കുന്നതിനുവേണ്ടിയാണ് ഞാൻ ഈ പ്രമേയം ഇവിടെ അവതരിപ്പിക്കുന്നത്. ഇന്ത്യാ രാജ്യത്തിനുതന്നെ മാതൃകയാണ് കേരളത്തിലെ സഹകരണ പ്രസ്ഥാനം. കേരളത്തിൽ സഹകരണ പ്രസ്ഥാനം പ്രവർത്തിക്കാത്ത ഒരു മേഖലയും ഇന്ന് അവശേഷിക്കുന്നില്ല. രജിസ്ട്രാറുടെ കീഴിൽത്തന്നെ പതിനാലായിരത്തോളം സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതിനുപുറമെ വ്യവസായ വകുപ്പിന്റെ കീഴിൽ പന്ത്രണ്ടായിരത്തിലധികം സംഘങ്ങളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. അത്രയും വിപുലമായ ഒരു മേഖലയാണ് സഹകരണ പ്രസ്ഥാനം. വായ്പാ സഹകരണ സംഘങ്ങൾക്കു പുറമെ മാർക്കറ്റിംഗ് സംഘങ്ങളും കൺസ്യൂമർ രംഗത്ത് പ്രവർത്തിക്കുന്ന സംഘങ്ങളും പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമത്തിനുവേണ്ടി പ്രവർത്തിക്കുന്ന സംഘങ്ങളും വനിതാ സംഘങ്ങളുമുണ്ട്. മത്സ്യം, കയർ, കൈത്തറി, പാൽ തുടങ്ങിയ എല്ലാ മേഖലകളിലും ഇന്ന് സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഇതിന്റെയെല്ലാം പ്രവർത്തനങ്ങളെ ഇല്ലാതാക്കി പ്രതിസന്ധിയിലാക്കുന്ന സമീപനങ്ങളാണ് കേന്ദ്രസർക്കാരും സംസ്ഥാന സർക്കാരും നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സഹകരണമേഖലയിൽ ആദ്യമായി ജനാധിപത്യ വിരുദ്ധ മായി ജില്ലാ ബാങ്കുകൾ പിടിച്ചെടുക്കുന്ന നടപടിക്രമങ്ങളാണ് ആവിഷ് ക്കരിച്ചത്. ആ ജില്ലാ ബാങ്കുകൾ പിടിച്ചെടുക്കുന്നതിനുവേണ്ടി 25500

സഹകരണ സംഘങ്ങൾക്കാണ് പുതുതായി വോട്ടവകാശം നൽകിയത്. ഇങ്ങനെ അംഗത്വം നൽകിയ പല സംഘങ്ങളും പ്രവർത്തിക്കാത്ത സംഘങ്ങളാണ്. കടലാസിൽ പോലും കാണാത്ത സംഘങ്ങൾക്കും വോട്ടവകാശം നൽകി. ഈ വ്യാജ സംഘങ്ങളെ ഉപയോഗിച്ചുകൊണ്ടാണ് നമ്മുടെ സംസ്ഥാനത്തിലെ 13 ജില്ലാ ബാങ്കുകളും യു.ഡി.എഫ്. പിടിച്ചെടുത്തത്. ജില്ലാ ബാങ്ക് പിടിച്ചെടുത്ത് ഭരണം കൈക്കലാക്കിയതിനു ശേഷം ഇപ്പോൾ സഹകരണ സംഘങ്ങളെയും പ്രൈമറി സഹകരണ സംഘങ്ങളെയും പിടിച്ചെടുക്കുന്നതിനുവേണ്ടിയുള്ള നടപടികളാണ് സർക്കാർ ആവിഷ്ക്കരിച്ചിരിക്കുന്നത്. ആ സംഘങ്ങളുടെ ജനാധിപത്യ പരമായ പ്രവർത്തനത്തെ അട്ടിമറിച്ചുകൊണ്ട്, ഉദ്യോഗസ്ഥന്മാരെയും അഡ്മിനിസ്ട്രേറ്റർമാരെയും ഉപയോഗിച്ചുകൊണ്ട് യു.ഡി.എഫിന് അനുകൂലമായി സംഘങ്ങൾ പിടിച്ചെടുക്കുന്നതിനു വേണ്ടിയുള്ള നീക്കങ്ങൾ ശക്തമായി കേരള സംസ്ഥാനത്തിന്റെ എല്ലാ ഭാഗത്തും ആരംഭിച്ചിരിക്കു കയാണ്. ബൈലോ ഭേദഗതി ചെയ്ത് വാർഡ് അടിസ്ഥാനത്തിൽ തെരഞ്ഞെടുപ്പ് നടത്തണമെന്നാണ് പുതിയ ഉത്തരവ് പ്രകാരം സർക്കാർ ആവശ്യപ്പെട്ടിരിക്കുന്നത്. അത് നടപ്പിലാക്കണമെങ്കിൽ സംഘങ്ങൾക്ക് സാവകാശം വേണം. അങ്ങനെ സാവകാശം ലഭിക്കാതെ ബൈലോ ഭേദഗതി ചെയ്യാതെ വാർഡ് അടിസ്ഥാനത്തിൽ തെരഞ്ഞെടുപ്പ് നടത്താൻ വൈകിയാൽ ആ സംഘങ്ങളെയെല്ലാം പിരിച്ചുവിട്ട് അവിടെയെല്ലാം അഡ്മിനിസ്ട്രേറ്ററെ നിശ്ചയിക്കുകയാണ് ചെയ്യുന്നത്. ഫലത്തിൽ ഈ അഡ്മിനിസ്ട്രേറ്റർമാർ ഈ സംഘങ്ങളെയെല്ലാം യു.ഡി.എഫിന് അനുകൂലമാക്കി മാറ്റുന്നതിനു

വേണ്ടി മെമ്പർഷിപ്പ് ഒക്കെ ചേർത്ത് അതിന് സംവിധാനം ഒരുക്കിക്കൊണ്ടിരിക്കുകയാണ്. ഈ ജനാധിപത്യ കശാപ്പിനെതിരായി തിരുവനന്തപുരം ജില്ലയിൽ എൽ.ഡി.എഫിന്റെ നേതൃത്വത്തിൽ ഒരു ബന്ദ് തന്നെ നടക്കുകയുണ്ടായി. ആനാട് സർവ്വീസ് സഹകരണ ബാങ്കിൽ സ്ഥാനാർത്ഥി പട്ടിക പ്രസിദ്ധീകരിച്ചതിനുശേഷമാണ് തെരഞ്ഞെടുപ്പ് റദ്ദാക്കിയത്. ഞാൻ അധികം ഉദാഹരണങ്ങളിലേയ്ക്ക് പോകുന്നില്ല. ആര്യനാട് ബാങ്കിൽ തെരഞ്ഞെടുപ്പ് നടപടിക്രമങ്ങൾ കഴിഞ്ഞ്, 7 സീറ്റിൽ എൽ.ഡി.എഫ്. എതിരില്ലാതെ തെരഞ്ഞെടുക്കപ്പെട്ടപ്പോഴാണ് അവിടെ തെരഞ്ഞെടുപ്പ് റദ്ദാക്കിയത്. ഉള്ളൂർ സർവ്വീസ് സഹകരണ ബാങ്കിൽ വാർഡ് വിഭജനത്തിന്റെ കാര്യം പറഞ്ഞാണ് അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയെവച്ച് ആ സംഘത്തിന്റെ ജനാധിപത്യപരമായ പ്രവർത്തനം അപകടപ്പെടുത്തിയത്. ഇതിനുപുറമെ യു.ഡി.എഫ്. ഭരിക്കുന്ന സംഘങ്ങളിൽ തെരഞ്ഞെടുപ്പ് പ്രഖ്യാപിക്കുമ്പോൾ ആ സംഘത്തിന്റെ പരിധിയിൽ വരാത്ത പത്രങ്ങളിൽ പരസ്യം കൊടുത്ത് ആളുകളെ (മെമ്പർമാരെ) അറിയിക്കാതെയാണ് പല സംഘങ്ങളിലും ഇപ്പോൾ തെരഞ്ഞെടുപ്പ് നടക്കുന്നത്. അതിനും സർക്കാരിന്റെ ഒത്താശ ലഭിച്ചുകൊണ്ടിരിക്കുകയാണ്. ഇതിനുപുറമെ സംഘങ്ങളുടെ പ്രവർത്തനങ്ങളെ തകർക്കുന്ന രൂപത്തിലാണ് ആദായ നികുതി വകുപ്പിന്റെ നിർദ്ദേശം വന്നിരിക്കുന്നത്. മുഴുവൻ നിക്ഷേപകരുടെയും പൂർണ്ണ വിവരങ്ങൾ ഹാജരാക്കാൻ ആദായ നികുതി വകുപ്പ് എല്ലാ സഹകരണ സംഘങ്ങൾക്കും നിർദ്ദേശം നൽകിയിരിക്കുകയാണ്. സാധാരണ ഗതിയിൽ ആദായ നികുതി വകുപ്പ് നിർദ്ദേശിച്ച രൂപത്തിൽ അവിടത്തെ നിക്ഷേപകരുടെ എല്ലാ

വിവരങ്ങളും ആദായ നികുതി വകുപ്പിന് കൊടുത്തുകഴിഞ്ഞാൽ അതിന്റെ നിയമങ്ങളുടെ നൂലാമാലയിൽപ്പെട്ട് പാവപ്പെട്ട നിക്ഷേപകരായിട്ടുള്ള കൃഷിക്കാരും നാട്ടിൻപുറത്തെ ചെറുകിട കച്ചവടക്കാരുമൊക്കെ അടങ്ങുന്ന ജനവിഭാഗങ്ങൾക്ക് ദിവസേന ആദായ നികുതി ആഫീസിലേയ്ക്ക് നടക്കാനേ നേരം കിട്ടുകയുള്ളൂ. അതുകൊണ്ട് ആദായ നികുതി വകുപ്പിന്റെ ഈ നിർദ്ദേശം വന്നതിനുശേഷം അവരിപ്പോൾ സഹകരണ സംഘങ്ങളിൽ നിക്ഷേപം നടത്തുന്നില്ല.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: യെസ്....

<u>ശ്രീ. എം. ചന്ദ്രൻ</u>: സാർ, ഞാൻ അവസാനിപ്പിക്കുകയാണ്; ഒന്നുരണ്ട് മിനിട്ടുകൂടി തരണം. ഒരു വർഷത്തിൽ പതിനായിരം രൂപയിലധികം പലിശ വാങ്ങുന്ന എല്ലാവരുടെയും വിവരങ്ങൾ ആദായ നികുതി വകുപ്പിന് കൊടുക്കണമെന്നാണ് പറഞ്ഞിരിക്കുന്നത് 2664 സംഘങ്ങൾക്കാണ് ഇതനുസരിച്ച് ആദായ നികുതി വകുപ്പ് നോട്ടീസ് നൽകിയിരിക്കുന്നത്. ഇതിനെതിരായി സഹകരണ സംഘങ്ങൾ കോടതിയിൽ പോയി. സുപ്രീം കോടതി ആ അപേക്ഷ തള്ളിയതിന്റെ ഭാഗമായി ആദായ നികുതി വകുപ്പ് ഇപ്പോൾ നടപടികൾ കർശനമാക്കിയിരിക്കുകയാണ്. നമ്മുടെ സംസ്ഥാനത്ത് ജനോപകാരപ്രദമായ പല പ്രവർത്തനങ്ങളും ഈ സഹകരണ സംഘങ്ങൾ നടത്തുന്നുണ്ട്. വായ്പാ സഹകരണ സംഘങ്ങൾ, നീതി സ്റ്റോർ, മെഡിക്കൽ സ്റ്റോർ, രാസവള ഡിപ്പോ, പൊതു വിതരണ സ്റ്റോറുകൾ, കല്യാണ മണ്ഡപം, ആംബുലൻസ് തുടങ്ങിയ വിവിധ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. ഇത്തരം പ്രവർത്തനങ്ങളൊന്നും തുടരാൻ കഴിയാത്ത ഒരു സാഹചര്യമാണ് 2012-ലെ

ബാങ്കിംഗ് നിയമ ഭേദഗതിയിലൂടെ കേന്ദ്രസർക്കാർ നടപ്പിലാക്കിയിരിക്കുന്നത്. ബാങ്കിംഗ് പ്രവർത്തനം നടത്തുന്ന എല്ലാ സ്ഥാപനങ്ങളും അത് തുടർന്ന് നടത്തുന്നതിന് റിസർവ് ബാങ്കിന്റെ ലൈസൻസ് എടുക്കണമെന്നാണ് നിർദ്ദേശം വന്നിട്ടുള്ളത്. 1607 സംഘങ്ങളെയാണ് ഇത് പ്രതിസന്ധിയിലാക്കി യിരിക്കുന്നത്. ബാങ്കിംഗ് പ്രവർത്തനങ്ങളും നിർത്തിവയ്ക്കേണ്ടി വരുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ് കൺക്ലൂഡ്...........

ശ്രീ. എം. ചന്ദ്രൻ: ഇതിൽ പ്രധാനപ്പെട്ട ചില സംഭവങ്ങൾ കൂടി വിശദീകരിക്കേണ്ടതുണ്ട്. അതുകൊണ്ട് അങ്ങ് കുറച്ച് സമയം കൂടി തരണം.

മി. ഡെപ്യൂട്ടി സ്പീക്കർ: സമയം തന്നു. പ്ലീസ് കൺക്ലൂഡ്...........

ശ്രീ. എം. ചന്ദ്രൻ: ബാങ്കിംഗ് പ്രവർത്തനത്തിലൂടെ നിലവിൽ ലഭിച്ചുകൊണ്ടിരിക്കുന്ന ഇളവുകൾ തുടർന്നും ലഭിക്കുന്നതിനുവേണ്ടി കേന്ദ്രത്തിൽ സർക്കാർ സമ്മർദ്ദം ചെലുത്തണം. ഇതിനുപുറമെ സംസ്ഥാനത്തെ സംഘങ്ങളിൽ പ്രവർത്തിക്കുന്ന 85,000 ത്തോളം ജീവനക്കാരുടെ ശമ്പളവും ആനുകൂല്യവും കവരുന്ന രൂപത്തിലുള്ള ഒരു ഉത്തരവാണ് ഈ സർക്കാർ പ്രഖ്യാപിച്ചിട്ടുള്ളത്. പലിശയിൽ നിന്നോ ഡെപ്പോസിറ്റിൽ നിന്നോ കടം വാങ്ങിയ സംഖ്യയിൽ നിന്നോ ശമ്പളമോ അലവൻസോ അതുപോലെ ഒന്നുംതന്നെ എടുക്കാൻ പാടില്ല എന്ന് പ്രത്യേക ഉത്തരവ് ഈ സർക്കാർ നൽകിയിരിക്കുകയാണ്. അതുകൊണ്ട് ഇത് 85000 ജീവനക്കാരുടെ ജീവിതം തന്നെ ദുരിതത്തിലാക്കി മാറ്റിയിരിക്കുകയാണ്. സമയമില്ലാത്തതുകൊണ്ട് കൂടുതൽ പറയാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. അതുകൊണ്ട് ഈ ഉത്തരവുകളുടെയും കേന്ദ്ര ഗവൺമെന്റിന്റെ

നയങ്ങളുടെയും ഫലമായി സംസ്ഥാനത്തെ വായ്പാ സഹകരണ സംഘങ്ങളൊക്കെ തകർച്ചയെ അഭിമുഖീകരിക്കുകയാണ്. ഇതിൽ നിന്നും രക്ഷപ്പെടുത്താൻ ബഹുമാനപ്പെട്ട വകുപ്പ് മന്ത്രി എന്തെങ്കിലും ചെയ്തേ മതിയാകൂ. ഈ പ്രശ്നങ്ങൾക്ക് ഒരു പരിഹാരം കാണാൻ അങ്ങ് എന്തെങ്കിലും ചെയ്യണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ): സർ, ബഹുമാനപ്പെട്ട അംഗം ശ്രദ്ധക്ഷണിക്കൽ നോട്ടിസിലൂടെ ഉന്നയിച്ച ആരോപണങ്ങൾ പൂർണ്ണമായി ശരിയല്ലെന്ന് അറിയിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. നോട്ടീസിൽ പരാമർശിച്ചതുപോലെ വൈദ്യനാഥൻ കമ്മിറ്റി ശുപാർശകളിന്മേൽ പ്രാഥമിക സർവ്വീസ് സഹകരണ ബാങ്കുകൾ ബാങ്കിംഗ് സേവനം അവസാനിപ്പിക്കണമെന്ന് റിസർവ്വ് ബാങ്കോ നബാർഡോ നിർദ്ദേശം നൽകിയിട്ടില്ല. എന്നാൽ പ്രകാശ് ബക്ഷി കമ്മിറ്റി റിപ്പോർട്ടിലെ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ ജില്ലാസഹകരണ ബാങ്കുകളുടെ സേവനദാതാക്കളായി പ്രവർത്തിക്കേണ്ടതാണെന്ന ശുപാർശയിൽ സർക്കാർ സമയോചിതമായി ഇടപെടുകയും നബാർഡിന്റെ നിർദ്ദേശങ്ങളിന്മേലുള്ള ശക്തമായ എതിർപ്പ് അറിയിച്ചതിന്റെ ഫലമായി നബാർഡ് നിലപാട് മാറ്റുകയും ആയത് ഒരുപദേശം മാത്രമാണെന്നും ഒരു നിർദ്ദേശമല്ലെന്നുമുള്ള വിശദീകരണം നൽകുകയും ചെയ്തിട്ടുള്ളതാണ്. കൂടാതെ പ്രകാശ് ബക്ഷി കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നബാർഡ് നൽകിയ

നിർദ്ദേശം നടപ്പിലാക്കേണ്ടതില്ലെന്ന് സഹകരണ സംഘം രജിസ്ട്രാർ സഹകരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പാർലമെന്റ് പാസ്സാക്കിയിട്ടുള്ള ബാങ്കിംഗ് നിയമ ഭേദഗതി ബിൽ 2012-ലെ ചില വ്യവസ്ഥകൾ സംസ്ഥാനത്തെ സഹകരണ മേഖലയെ ദോഷകരമായി ബാധിക്കുന്നുവെന്നുള്ള നിലയിൽ വിലയിരുത്തി. ഈ പ്രശ്നം കേന്ദ്ര സർക്കാരിന്റെയും റിസർവ് ബാങ്കിന്റെയും നബാർഡിന്റെയും ശ്രദ്ധയിൽപ്പെടുത്തുന്നതിന് യഥാസമയം നടപടി സ്വീകരിച്ചിട്ടുണ്ട്. ആദായ നികുതി നിയമത്തിലെ വകുപ്പ് 133 (6) പ്രകാരം ലോകത്തിലെ പ്രാഥമിക വായ്പാ സംഘങ്ങളിലെ നിക്ഷേപങ്ങളുടേയും നിക്ഷേപകരുടേയും വിവരങ്ങൾ ശേഖരിക്കുന്നതിനുള്ള ആദായ നികുതി വകുപ്പിന്റെ അധികാരം ബഹുമാനപ്പെട്ട സുപ്രീം കോടതി 27-08-2013 - ൽ പുറപ്പെടുവിച്ച വിധി ന്യായത്തിൽ ശരിവച്ചിട്ടുള്ളതാണ്. ഇക്കാര്യത്തിലുള്ള ആശങ്ക അറിയിച്ചുകൊണ്ട് ബഹുമാനപ്പെട്ട പ്രധാനമന്ത്രിക്കും ബന്ധപ്പെട്ട കേന്ദ്ര മന്ത്രിമാർക്കും കേരളത്തിൽ നിന്നുള്ള എല്ലാ പാർലമെന്റംഗങ്ങൾക്കും വകുപ്പ് മന്ത്രിയെന്ന നിലയിൽ കത്ത് നൽകിയിട്ടുണ്ട്.

കൂടാതെ ഇക്കാര്യം കേന്ദ്ര സർക്കരിന്റെ ശ്രദ്ധയിൽകൊണ്ടുവരുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ചുചേർത്ത എം.പി.മാരുടെ കോൺഫറൻസിൽ ചർച്ച ചെയ്തിട്ടുമുണ്ട്. 1969-ലെ കേരള സഹകരണ നിയമത്തിലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ടാണ് ജോയിന്റ് രജിസ്ട്രാറോ, രജിസ്ട്രാറോ സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നത്. സഹകരണ സംഘങ്ങളുടെ രജിസ്ട്രേഷൻ നടപടികളിൽ ഇടപെടുക എന്നത് ഒരുനയമായി ഈ

സർക്കാർ എടുത്തിട്ടില്ലെന്നും വ്യക്തമാക്കാൻ ആഗ്രഹിക്കുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജനാധിപത്യ വിരുദ്ധമായി സഹകരണസംഘത്തെയും ഭരണസമിതിയേയും പിരിച്ചുവിട്ടിട്ടില്ല. നിയമാനുസൃതം പരിശോധനയും അന്വേഷണവും നടത്തി ബന്ധപ്പെട്ട ജോയിന്റ് രജിസ്ട്രാർ മാത്രമാണ് ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുന്നത്. സഹകരണ മേഖലയ്ക്ക് പുതിയ ജനകീയ മുഖം നൽകാനാണ് ഈ സർക്കാർ ശ്രമിച്ചിട്ടുള്ളത്. ഈ മേഖല പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്ന സേവനത്തിന്റെ പ്രാധാന്യം സംബന്ധിച്ചും സർക്കാരിന് ഉത്തമ ബോദ്ധ്യമുണ്ട്. ഈ മേഖലയ്ക്ക് കേന്ദ്ര സർക്കാരിന്റെ സാധ്യമായ എല്ലാ സഹായങ്ങളും കൂടി ലഭ്യമാക്കുന്നതിന് ഈ സർക്കാർ പ്രതിജ്ഞാബദ്ധമാണെന്നും അറിയിക്കുന്നു.

ശ്രീ. എം. ചന്ദ്രൻ: കക്ഷിഭേദമന്യേ നിയമസഭ തള്ളിക്കളഞ്ഞൊരു നിയമ ഭേദഗതിയാണ് അങ്ങ് എക്സിക്യൂട്ടീവ് ഉത്തരവിലൂടെ ഇപ്പോൾ നടപ്പിലാക്കുന്നത്. ഞാൻ ഇവിടെ സൂചിപ്പിച്ച 85000 ഓളം ജീവനക്കാരുടെ ശമ്പളവും ആനുകൂല്യങ്ങളും കവരുന്നതാണ് ഈ പുതിയ ഉത്തരവ്. ആ ഉത്തരവ് റദ്ദാക്കി  ജീവനക്കാരെ സംരക്ഷിക്കുന്നതിനുവേണ്ടി എന്തെങ്കിലും നടപടി അങ്ങ് കൈക്കൊള്ളുമോ എന്നുള്ളതാണ് അറിയേണ്ടത്.

ശ്രീ. സി. എൻ. ബാലകൃഷ്ണൻ: ഒരു സർക്കുലറിനെ അടിസ്ഥാനപ്പെടുത്തിയുള്ള കാര്യങ്ങളെപ്പറ്റിയാണ് അങ്ങ് ഇവിടെ പറഞ്ഞത്. ഡെപ്പോസിറ്റ് ചെയ്തിട്ടുള്ള പണം ഉപയോഗിച്ചുകൊണ്ട് ഉദ്യോഗസ്ഥർക്ക് ശമ്പളം കൊടുക്കുന്നതിനെ സംബന്ധിച്ച വിഷയം വളരെ ഗൗരവമായി എടുക്കണമെന്നുള്ള ഒരു പ്രശ്നമാണ് അതിൽ പറഞ്ഞിരിക്കുന്നത്. അതിൽ ഏതെങ്കിലും തര

ത്തിൽ എന്തെങ്കിലും പ്രശ്നങ്ങളുണ്ടെങ്കിൽ അവരുമായി ചർച്ച ചെയ്ത് അതിൽ ഭേദഗതി വരുത്തുന്നതായിരിക്കും. ഉദ്യോഗസ്ഥർക്ക് യാതൊരു വിധത്തിലുള്ള ആശങ്കയ്ക്കും ഇട നൽകാത്ത വിധത്തിൽ ആ കാര്യം പരിഹരിക്കുന്നതായിരിക്കും.

ശ്രീ. എം. ചന്ദ്രൻ: പ്രസ്തുത സർക്കുലർ പിൻവലിക്കാൻ തയ്യാറാകുമോ?

ശ്രീ. സി. എൻ. ബാലകൃഷ്ണൻ: സർക്കുലറിൽ ഭേദഗതി വരുത്തി ഉദ്യോഗസ്ഥർക്ക് ബുദ്ധിമുട്ടുണ്ടാക്കാത്ത വിധത്തിലുള്ള സംവിധാനമേർപ്പെടുത്തുന്നതാണ്.